LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മോഷണക്കേസുകൾ

5 [315] *ശ്രീ. ബിനോയ് വിശ്വം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റ 2001 മേയ് 17-ന് ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര വൈദ്യുതി മോഷണക്കേസുകൾ ബോർഡിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് വഴി എത്ര കോടി രൂപയുടെ നഷ്ടം വരുമെന്നും കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഗാർഹിക ഉപഭോക്താക്കൾ എത്രയെണ്ണം എന്നും സ്വകാര്യ സ്ഥാപനങ്ങൾ എത്രയെണ്ണമെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം കേസുകളിൽ എത്ര ബോർഡ് ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; അവർ ഏതൊക്കെ തസ്തികകളിലിരിക്കുന്നവരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്കെതിരെ എന്ത് നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2001 മേയ് 17 മുതൽ 2005 മേയ് 31 വരെ ആകെ 874 വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) വൈദ്യുതി മോഷണംമൂലം 47,23,86,359 രൂപയുടെ നഷ്ടം വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. വൈദ്യുതി മോഷണം നടത്തുന്നവരുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും കുറ്റക്കാർക്കെതിരെ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 135 അനുസരിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ 126 അനുസരിച്ച് പിഴ ഈടാക്കുന്നുമുണ്ട്.

(സി)	ഗാർഹിക ഉപഭോക്താക്കൾ	...	346
	മറ്റുള്ളവർ	...	528
	ആകെ	...	874

(ഡി) അഞ്ച് ബോർഡ് ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ സീനിയർ അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിലിരിക്കുന്നവരാണ്.

(ഇ) ഇവർക്കെതിരെ വകുപ്പുതല അന്വേഷണം, സസ്പെൻഷൻ തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച അധിക വരുമാനം

6 [316] *ശ്രീ. എം. എ. വാഹിദ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വർഷം മുതൽ സംസ്ഥാനത്ത് ഗാർഹിക ആവശ്യങ്ങൾക്കായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എത്ര തുക ഈടാക്കുകയുണ്ടായി;

(സി) കെ.എസ്.ഇ.ബി. യുടെ ആകെ വരുമാനത്തിൽ ഇത് എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13,64,622 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) 7,98,94,217 രൂപ.

(സി) ഏകദേശം 0.247 ശതമാനം.

വൈദ്യുതി മോഷണം കണ്ടെത്തുകവഴി പിരിച്ചെടുത്ത തുക

7 [317] *ശ്രീ. തമ്പാനൂർ രവി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണംമൂലം വൈദ്യുതി ബോർഡിന് 2004-05 സാമ്പത്തിക വർഷത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി മോഷണക്കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതി രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) 2004-05 സാമ്പത്തിക വർഷത്തിൽ ഇങ്ങനെ ക്രമക്കേട് നടത്തിയവരിൽ നിന്നും പിരിച്ചെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 40,45,84,926 രൂപ.

LIBRARY ARCHIVES Kerala Legislative Assembly